website

നമ്പർ : ICPS 2/37037/2013

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം. 24/05/2016

# സർക്കുലർ

വിഷയം : സാമൂഹ്യ നീതി വകുപ്പ്, ഐ.സി.പി.എസ്:- തിരുവനന്തപുരം:- ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങളിലെ കുട്ടികൾക്ക് തുണിത്തരങ്ങൾ വിതരണം ചെയ്യുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ സംബന്ധിച്ച്.

സൂചന :

ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങളിലെ കുട്ടികൾക്ക് യൂണിഫോം തുണിത്തരങ്ങൾ, കളർ ഡ്രസ്സ്, ഓണക്കോടി എന്നിവ വാങ്ങുന്നതിനായി അതാത് ജില്ലാ സാമൂഹ്യ നീതി ഓഫീസർ, ജില്ലകളിലെ ശിശു സംരക്ഷണ ഓഫീസർ, സ്ഥാപന സൂപ്രണ്ട് എന്നിവർ അടങ്ങുന്ന ഒരു പർച്ചേസ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. കമ്മറ്റിയുടെ ചെയർപേഴ്സൺ ജില്ലാ സാമൂഹ്യ നീതി ഓഫീസറും കൺവീനർ അതാതു സ്ഥാപനത്തിന്റെ സൂപ്രണ്ടുമായിരിക്കും. പർച്ചേസ് കമ്മിറ്റിയുടെ തീരുമാനപ്രകാരം കുട്ടികൾക്ക് ഗുണനിലവാരമുള്ള വസ്ത്രങ്ങൾ വാങ്ങേണ്ടതും, വസ്ത്രങ്ങൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിന്റെ ഫോട്ടോകളും സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതാണ്. ഡയറക്ടറേറ്റ് തലത്തിൽ നടത്തുന്ന ഇൻസ്പെക്ഷനിൽ ആയത് സംബന്ധിച്ച ഫയലുകൾ, ഫോട്ടോകൾ എന്നിവ ഇൻസ്പെക്ഷൻ ടീം അംഗങ്ങൾക്ക് പരിശോധനയ്ക്കായി സമർപ്പിക്കേണ്ടതുമാണ്.

(ഒപ്പ്)

സാമൂഹ്യ നീതി ഡയറക്ടർക്ക് വേണ്ടി

1. എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും
2. എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർ മാർക്കും
3. എല്ലാ ജെ ജെ സ്ഥാപന സൂപ്രണ്ടുമാർക്കും
4. പ്രോഗ്രാം മാനേജർ, ഐ.സി.പി.എസ്
5. ഐ.സി.പി.എസ് 4
6. സ്റ്റോക്ക് ഫയൽ